No. CEE/5500/2017/KEAM-2018/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

# KEAM-2018

# എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ ഒഴിവുവരുന്ന സീറ്റുകൾ നികത്തുന്നതിനുള്ള മോപ്പ്-അപ്പ് കൗൺസലിംഗ് സംബന്ധിച്ച്

സംസ്ഥാനത്തെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ നിലനിൽക്കുന്ന ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായി സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന മോപ്പ്-അപ്പ് കൗൺസലിംഗ് (സ്പോട്ട് അഡ്മിഷൻ) **2018 ആഗസ്റ്റ് 28, 29 തീയതികളിൽ** **തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് കാമ്പസിലുള്ള ഓൾഡ് ആഡിറ്റോറിയത്തിൽ** വച്ച് നടത്തുന്നതാണ്. **2018 ആഗസ്റ്റ് 28 ന് രാവിലെ 9 മണിയ്ക്ക്** ആരംഭിക്കുന്ന മോപ്പ്-അപ്പ് കൗൺസലിംഗ് അന്നേ ദിവസം അവസാനിക്കാത്ത പക്ഷം ആഗസ്റ്റ് 29-ാം തീയതിയിലും തുടരുന്നതാണ്. എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്ക് മാത്രമായിരിക്കും മോപ്പ്-അപ്പ് കൗൺസലിംഗ് നടത്തുന്നത്. മോപ്പ്-അപ്പ് കൗൺസലിംഗിൽ വിദ്യാർത്ഥികൾക്ക് അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം അവിടെ വച്ച് തന്നെ നിർദ്ദിഷ്ട ഫീസ് ഒടുക്കി പ്രവേശനം നേടേണ്ടതാണ്. എല്ലാ മെഡിക്കൽ/ദന്തൽ കോളേജ് അധികൃതരും മോപ്പ്-അപ്പ് കൗൺസലിംഗ് പൂർത്തിയാകുന്നതുവരെ മോപ്പ്-അപ്പ് കൗൺസലിംഗ് കേന്ദ്രത്തിൽ സന്നിഹിതരായിരിക്കുന്നതാണ്.

**ഒഴിവുള്ള സീറ്റുകൾ**

എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ നിലവിൽ ഒഴിവുള്ള സീറ്റുകൾ സംബന്ധിച്ച വിശദാംശങ്ങൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ സീറ്റുകളും, കൗൺസലിംഗ് വേളയിൽ പുതുതായി സൃഷ്ടിക്കപ്പെടാവുന്ന ഒഴിവുകളും മോപ്പ്-അപ്പ് കൗൺസലിംഗിൽ നികത്തുന്നതാണ്.

**മോപ്പ്-അപ്പ് കൗൺസലിംഗിന് വേണ്ടിയുള്ള ഓൺലൈൻ രജിസ്ട്രേഷൻ**

പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന മോപ്പ്-അപ്പ് കൗൺസലിംഗിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ 23.08.2018 മുതൽ 27.08.2018 വൈകുന്നേരം 5 മണിയ്ക്കകം പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷൻ സമയത്ത് ഒരു **'മോപ്പ്-അപ്പ് കൗൺസലിംഗ് സ്ലിപ്പ്'** വെബ്പേജിൽ നിന്ന് ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. ഈ മോപ്പ്-അപ്പ് കൗൺസലിംഗ് സ്ലിപ്പുമായി അവർ മോപ്പ്-അപ്പ് കൗൺസലിംഗിന് ഹാജരാകേണ്ടതാണ്.

ഹെൽപ്പ് ലൈൻ നമ്പരുകൾ: **0471 2332123,2339101, 2339102, 2339103, 2339104**

തിരുവനന്തപുരം
23.08.2018

**പ്രവേശന പരീക്ഷാ കമ്മീഷണർ**